# പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി XI
# (2013-2016)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

## 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2015.....ജൂൺ...29......-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി XI
# (2013-2016)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

### 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

531/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി XI

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

## (2013-2016)

### ഘടന

ചെയർമാൻ :

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. സി. എൻ. ബാലകൃഷ്ണൻ,
സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി ഗീതാ ഗോപി

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

ശ്രീ. ലൂഡി ലൂയിസ്

ശ്രീ. കെ. കെ. നാരായണൻ

ശ്രീ. ആർ. സെൽവരാജ്

ശ്രീ. ജി. സുധാകരൻ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XI-ന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് വിഷയനിർണ്ണയ സമിതി XI-ന്റെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

വിഷയനിർണ്ണയ സമിതി XI-ന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ഭാഗത്തിൽ സമിതി പരിഗണിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകളിലെ ശിപാർശകൾ സംബന്ധിച്ച വിവരങ്ങളും സമിതിയുടെ നിഗമനങ്ങളും ശിപാർശകളും ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് 2015 ജൂൺ 3-ാം തീയതി ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

അനൂപ് ജേക്കബ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി XI.*

തിരുവനന്തപുരം,
2015 ജൂൺ 3.

# റിപ്പോർട്ട്

## ഭാഗം 1

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XI-ന്റെ 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ഉൾപ്പെടുത്തി സമർപ്പിച്ച മറുപടികളിന്മേൽ സമിതിയുടെ അംഗീകാരം ലഭിച്ചവ താഴെ ചേർക്കുന്നു:

## ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം

2425-00-107-72-33—സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന വായ്പയുടെ കൃത്യമായ തിരിച്ചടവിന് നൽകുന്ന ഉത്തേജന പലിശയിളവ് പദ്ധതി—സബ്സിഡികൾ

### ഖണ്ഡിക നമ്പർ 1

2011-12 സാമ്പത്തിക വർഷം മുതൽ കൃത്യമായി കാർഷികവായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി 32 കോടി രൂപ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും 5 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. തുടർ പദ്ധതി ആയതിനാൽ ഈയിനത്തിൽ ബഡ്ജറ്റ് വിഹിതത്തിനുപുറമെ 27 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഉത്തേജന പലിശയിളവ് പദ്ധതിക്കായി 2425-107-72 ശീർഷകത്തിൽ 27 കോടി രൂപ 2014-15 സാമ്പത്തിക വർഷത്തെ അവസാന ഉപധനാഭ്യർത്ഥനയിൽ വകയിരുത്തു ന്നതിനുള്ള ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

2425-00-108-51—പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ, പ്രാഥമിക സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ തുടങ്ങിയവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി. പദ്ധതി)

4425-00-108-42— "

6425-00-108-19— "

### ഖണ്ഡിക നമ്പർ 2

ആശുപത്രി സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ മുതലായവയ്ക്ക് ധനസഹായം നൽകുന്നതിനുള്ള പ്രസ്തുത പദ്ധതിക്കായി 11.25 കോടി രൂപയാണ് ആകെ അനുവദിച്ചിട്ടുള്ളത്. എൻ. സി. ഡി. സി. ധനസഹായം

ലഭിച്ചതും, വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചുവരുന്നതുമായ പ്രോജക്ടുകൾക്ക് രണ്ടാം ഗഡു ധനസഹായം അനുവദിക്കുന്നതിനും, 2014-15 സാമ്പത്തിക വർഷത്തിൽ പുതുതായി സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനും പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ പദ്ധതിയിനത്തിൽ ആകെ 27.75 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ആശുപത്രി സഹകരണ സംഘങ്ങൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, മറ്റ് പ്രാഥമിക സഹകരണ സംഘങ്ങൾ തുടങ്ങിയവയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 5.62 കോടി രൂപ ഓഹരിയിനത്തിൽ 4425-108-42 ശീർഷകത്തിലും 6.46 കോടി രൂപ ലോണിനത്തിൽ, 6425-108-19 ശീർഷകത്തിലും ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ 2014-15 സാമ്പത്തിക വർഷത്തിലെ അവസാന ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

2425-00-108-47-31—പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം—സഹായധനം—ശമ്പളം

## ഖണ്ഡിക നമ്പർ 3

പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാഡമിക്ക് കീഴിലുള്ള സ്ഥാപനങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനാണ് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്. കേപ്പിന് ധനസഹായം നൽകുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽനിന്നും ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് പദ്ധതി നിക്ഷേപം നടത്തുന്നതിനും പ്രസ്തുത നിക്ഷേപത്തുകയുടെ 25% ഗ്രാന്റായി സർക്കാർ കേപ്പിന് നൽകുന്നതിനും വ്യവസ്ഥയുണ്ട്. ഈയിനത്തിൽ കേപ്പിന് ബാക്കി നൽകാനുണ്ടായിരുന്ന 35.52 കോടി രൂപയിൽ 2014-15-ൽ വകയിരുത്തിയിട്ടുള്ള 2.825 കോടി രൂപയ്ക്ക് പുറമെ 32.69 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തിൽ 2425-108-47-31 ശീർഷകത്തിൽ വകയിരുത്തിയിരുന്ന 2.825 കോടി രൂപ കേപ്പിന് പിൻവലിച്ച് നൽകിയിട്ടുണ്ട്. ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് പദ്ധതി പ്രകാരം 12 ജില്ലാ ട്രഷറികളിലും നടത്തിയ ഡെപ്പോസിറ്റിന്റെ വിശദാംശങ്ങൾ ലഭ്യമായാൽ മാത്രമേ ഇക്കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയയ്ക്കുവാൻ കഴിയുകയുള്ളു എന്ന വിവരം സമിതിയെ അറിയിക്കുന്നു.

4425-00-001-99—<u>സഹകരണ ആസ്ഥാനവും മറ്റ് സ്ഥാപനങ്ങളും</u>

<u>ഖണ്ഡിക നമ്പർ 4</u>

സഹകരണ വകുപ്പിന് ആസ്ഥാനമന്ദിരം പണിയുന്നതിനുള്ള സ്ഥലം ലഭിക്കുകയും ആയതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ കെട്ടിട നിർമ്മാണത്തിനായി 20 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ബഡ്ജറ്റിൽ 3 കോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 17 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ശിപാർശ അനുസരിച്ചുള്ള 17 കോടി രൂപ 2014-15-ലെ അന്തിമ ഉപധനാഭ്യർത്ഥനയിൽ വകയിരുത്തുന്നതിന് പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 5</u>

കാർഷികോൽപ്പന്നങ്ങൾ കർഷകർക്കും ഉപഭോക്താക്കൾക്കും പ്രയോജനപ്രദമാകും വിധം വിപണനം നടത്തുന്നതിന് വികസന ബ്ലോക്കുകൾതോറും കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിക്കുമെന്നും ഇത്തരം സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും കാർഷികോൽപ്പന്നങ്ങൾ സമാഹരിക്കുന്നതിനും അവ ഗുണമേന്മ നഷ്ടപ്പെടാതെ സമയബന്ധിതമായി വിപണിയിലെത്തിച്ച് വിപണനം നടത്തുന്നതിനും 5 ലക്ഷം രൂപവരെ 3 വർഷത്തേക്ക് പലിശരഹിതവായ്പ നൽകുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിലേക്ക് 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ കാർഷിക മേഖലയുടെ വികസനത്തിന് വിപണനസംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതിനാൽ ഈ ലക്ഷ്യം മുൻനിർത്തി മിൽമയുടെ പ്രവർത്തന മാതൃകയിൽ കാർഷികോൽപ്പന്നങ്ങൾ കർഷകർക്കും ഉപഭോക്താക്കൾക്കും പ്രയോജനമാകും വിധം വിപണനം നടത്തുന്നതിന് വികസന ബ്ലോക്കുകൾതോറും കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനായി 10 കോടി രൂപ വകയിരുത്തുമെന്ന് 2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ടി പദ്ധതിക്ക് 25-2-2015-ലെ സ.ഉ. (സാധാ.) നമ്പർ 148/2015/സഹ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 6</u>

22-10-2013-ലെ 671/2013/സഹ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മാർക്കറ്റ്ഫെഡിന് 35 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മാർക്കറ്റ്ഫെഡിന് ധനസഹായം അനുവദിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ ഒന്നാം ഉപധനാഭ്യർത്ഥനയിൽ 6408-02-195-78 എന്ന ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബാക്കി തുകയായ 34.9999 കോടി രൂപയുള്ള അഡീഷണൽ ആതറൈസേഷൻ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ടായിരുന്നെങ്കിലും പരിഗണിക്കുകയുണ്ടായില്ല. എന്നാൽ ടി തുക കണ്ടിൻജൻസി ഫണ്ടിൽ നിന്നും അനുവദിക്കുന്നകാര്യം മന്ത്രിസഭായോഗ പരിഗണനയ്ക്കും തീരുമാനത്തിനുമായി സമർപ്പിച്ചിരിക്കുകയാണ് എന്ന് അറിയിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

2408-01-004-99—<u>കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ്</u>

<u>ഖണ്ഡിക നമ്പർ 9</u>

കേരളത്തിലെ നാടൻ ഭക്ഷ്യവസ്തുക്കളുടെ തനിമ നിലനിർത്തിക്കൊണ്ട് അവയുടെ നിലവാരം അന്താരാഷ്ട്ര മാർക്കറ്റിലെ ഭക്ഷ്യവസ്തുക്കളുമായി കിടപിടിക്കുന്നതാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ പ്രവർത്തിക്കുന്ന കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഭക്ഷ്യ പാർക്ക്, ഭക്ഷ്യസുരക്ഷാ സർവ്വേ, മിനി ഫുഡ് ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ, ഔഷധഗുണ പരിശോധനാ ലബോറട്ടറി, വെജിറ്റബിൾ/ഫ്രൂട്ട്സ് ഡീഹൈഡ്രേറ്റിംഗ് യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനുമാണ് ബഡ്ജറ്റ് വിഹിതമായി 5 കോടി രൂപ അനുവദിച്ചിട്ടുള്ളത്. എന്നാൽ ഡ്രഗ് ടെസ്റ്റിംഗ് ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും ഫുഡ് പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങൾ, വെജിറ്റബിൾ/ഫ്രൂട്ട്സ് ഡീഹൈഡ്രേറ്റിംഗ് യൂണിറ്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വിപുലീകരിക്കുന്നതിനും പ്രസ്തുത തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 9 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ പദ്ധതി അടങ്കലിൽ വർദ്ധനവ് വരുത്താൻ നിർവ്വാഹമില്ല. വിഭവലഭ്യത മെച്ചപ്പെടുന്ന സാഹചര്യത്തിൽ പദ്ധതി പുരോഗതി വിലയിരുത്തി അധിക വിഹിതം ധനപുനർവിനിയോഗം വഴി അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

2408-01-101-95-34—അന്ത്യോദയ അന്നയോജന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനെത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവും മറ്റ് ചെലവുകളും—മറ്റ് ചെലവുകൾ

ഖണ്ഡിക നമ്പർ 12

അന്ത്യോദയ അന്നയോജന പദ്ധതിപ്രകാരം ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിനുള്ള കടത്തുകൂലി, കൈകാര്യച്ചെലവ്, വിൽപ്പന നികുതി മുതലായവ വഹിക്കുന്നതിനാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ 2012 ഒക്ടോബർ മുതൽ ക്വിന്റലിന് പരമാവധി 60 രൂപയായും റേഷൻ മൊത്തവ്യാപാരികളുടെ കമ്മീഷൻ 1-11-2013 മുതൽ ക്വിന്റലിന് പരമാവധി 41.40 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാലും മുൻ വർഷത്തെ കുടിശ്ശിക അടിയന്തരമായി നൽകേണ്ടതിനാലും ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള 10 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 28.1021 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിലെ 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 10 കോടി രൂപയാണ്. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ശീർഷകത്തിൽ 25.7197 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന ശിപാർശ 2014-15 സാമ്പത്തിക വർഷത്തെ ഒന്നാംഘട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി സമർപ്പിച്ചുവെങ്കിലും 15 കോടി രൂപ മാത്രമാണ് അധികമായി അനുവദിച്ചുകിട്ടിയത്.

2408-01-102-99-33—കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്—സബ്സിഡികൾ

ഖണ്ഡിക നമ്പർ 13

സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംസ്ഥാനത്തുടനീളം മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ, ശബരി സൂപ്പർ മാർക്കറ്റുകൾ, ശബരി സ്റ്റോറുകൾ, ഹൈപ്പർ മാർക്കറ്റുകൾ എന്നിവയിലൂടെ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന വിൽപ്പനവിലയിൽ സാധനങ്ങൾ വിതരണംചെയ്ത് കമ്പോളവില നിയന്ത്രിക്കുകയും അവശ്യവസ്തുക്കൾക്കുപുറമെ മറ്റ് ഉപഭോക്തൃ താൽപ്പര്യ ഉൽപ്പന്നങ്ങൾ, മരുന്നുകൾ എന്നിവ കുറഞ്ഞ നിരക്കിൽ വിൽക്കുകയും ചെയ്യുന്നു. സംസ്ഥാനത്ത് ആകെ 91 ചില്ലറ മരുന്ന് വിൽപ്പനശാലകളും 5 മെഡിക്കൽ മൊത്തവ്യാപാര ഡിപ്പോകളും പ്രവർത്തിക്കുന്നുണ്ട്. കോർപ്പറേഷന്റെ മേൽ പ്രവർത്തനങ്ങൾക്കും കൂടാതെ അവശ്യവസ്തുക്കളുടെ വിലനിയന്ത്രണം നടത്തുന്നതിനായി വിപണി ഇടപെടൽ പദ്ധതി, ഓണക്കാലത്തെ ബി.പി.എൽ. കിറ്റ് വിതരണം എന്നിവയ്ക്കായും കൂടുതൽ തുക വകയിരുത്തേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. അതോടൊപ്പം കുറഞ്ഞ വിലയ്ക്ക് അവശ്യസാധനങ്ങൾ വിൽക്കുന്നതുമൂലം സിവിൽ സപ്ലൈസ്

കോർപ്പറേഷനുണ്ടായ അധിക ബാദ്ധ്യതയും നികത്തേണ്ടതുണ്ട്. ആയതിനാൽ ബഡ്ജറ്റ് വിഹിതമായ 65 കോടി രൂപയ്ക്കുപുറമേ 327 കോടി രൂപകൂടി അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

5 കോടി രൂപ മാത്രമേ അധികമായി വകയിരുത്താൻ കഴിഞ്ഞിട്ടുള്ളൂ.

ഖണ്ഡിക നമ്പർ 14

അത്യാവശ്യസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന മാർക്കറ്റ് ഇന്റർവെൻഷന് പ്രതിമാസം 31 കോടി രൂപ നിരക്കിൽ ഒരു വർഷം 372 കോടി രൂപ ആവശ്യമായി വരുന്നു. കൂടാതെ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ 40% വരെ വിലക്കുറവിൽ അവശ്യസാധനങ്ങൾ വിൽക്കുന്നതുമൂലവും വളരെയധികം സാമ്പത്തികബാദ്ധ്യത ഉണ്ടാകുകയും ഈ സാമ്പത്തികബാദ്ധ്യത നികത്തുന്നത് ബാങ്കുകളിൽനിന്ന് എടുക്കുന്ന ലോൺ മുഖേനയാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിടുന്ന സാമ്പത്തികബാദ്ധ്യത പരിഹരിക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സപ്ലൈകോ ഔട്ട്‌ലെറ്റുകൾ വഴി വിൽക്കുന്ന സാധനങ്ങളുടെ വില ശാസ്ത്രീയമായ രീതിയിൽ നിർണ്ണയിക്കും. ആസൂത്രിതമായ മാർക്കറ്റ് വികസന പദ്ധതി ആവിഷ്കരിച്ചും സർക്കാരിൽനിന്ന് അവശ്യം ധനസഹായം നൽകിയും കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ട്.

2408-01-800-98—ഉപഭോക്തൃ ദിനാഘോഷം

ഖണ്ഡിക നമ്പർ 15

ദേശീയ ഉപഭോക്തൃ അവകാശ ദിനാചരണം, ലോക ഉപഭോക്തൃ അവകാശ ദിനാചരണം, ഉപഭോക്തൃ സംരക്ഷണ അവാർഡ് വിതരണം എന്നിവ സംഘടിപ്പിക്കുന്ന തിനും ഇതു സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിന് ലഘുലേഖകൾ വിതരണം ചെയ്യുന്നതിനും ലോക ഭക്ഷ്യദിനാചരണത്തിനുള്ള ചെലവുകൾക്കുംവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 3 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഒരു ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 2408-01-800-98—ഉപഭോക്തൃ ദിനാഘോഷം എന്ന ശീർഷകത്തിൽ ഒരു ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന ശിപാർശ 2014-2015 സാമ്പത്തികവർഷത്തെ ഒന്നാംഘട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും മേൽശീർഷകത്തിൽ തുകയൊന്നും അനുവദിക്കുക യുണ്ടായില്ല.

3456-00-001-86—കമ്പ്യൂട്ടർവൽക്കരണവും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തലും നവീകരിക്കലും

ഖണ്ഡിക നമ്പർ 16

ഭക്ഷ്യസാധനങ്ങളുടെ വിതരണശൃംഖല തുടക്കംമുതൽ അവസാനംവരെ കമ്പ്യൂട്ടർവൽക്കരിക്കുക, സപ്ലൈ ചെയിൻ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുക, ന്യായവില ഷോപ്പുകളെ ആധുനികവൽക്കരിക്കുക, റേഷൻ കാർഡുകളിലെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക തുടങ്ങിയവ ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി 20 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതികൾക്കും 18 മാസം കൊണ്ട് പൂർത്തീകരിക്കേണ്ടതും വളരെയധികം ചെലവു പ്രതീക്ഷിക്കുന്നതുമായ End to End Computerisation പദ്ധതി പ്രവർത്തനങ്ങൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 40 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റ് വിഹിതം 20 കോടി രൂപയാണ്. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് Component I-ന്റെ (Automation of Supply chain management) ഭാഗമായി കേന്ദ്രസർക്കാരിൽ നിന്നും 7.3 കോടി രൂപ ധനസഹായമായി ലഭിച്ചതുൾപ്പെടെ ആകെ 27.3 കോടി രൂപയാണ് പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം ലഭ്യമായിട്ടുള്ളത്.

സംസ്ഥാനത്ത് എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് 2014 മേയ് മാസം ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എൻ.ഐ.സി. കേരള തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനാണ് ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം എൻ.ഐ.സി. ഡൽഹി തയ്യാറാക്കിയ C.A.S. (Common Application Software) ഉപയോഗിക്കുന്നതിന് സംസ്ഥാനം ഇപ്പോൾ നിർബന്ധിതമായിരിക്കുകയാണ്. കൂടാതെ, R.C.M.S. (Ration Card Management System) സോഫ്റ്റ്‌വെയർ ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായി 6 സെർവറുകൾ വാങ്ങുന്നതിന് ഇ-ടെൻഡർ ക്ഷണിച്ചിരുന്നു. എന്നാൽ ഒരു bid മാത്രം ലഭിച്ച സാഹചര്യത്തിൽ റീ-ടെൻഡർ ചെയ്യുന്നതിന് തീരുമാനിക്കുകയുണ്ടായി. ഇത്തരത്തിൽ പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള നിരവധി പ്രതിബന്ധങ്ങൾ തരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ ആകെ ബഡ്ജറ്റ് വിഹിതമായി ലഭ്യമായ 27.3 കോടി രൂപ മാത്രമേ ഈ പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം ആവശ്യമായി വരികയുള്ളൂ. ആയതിനാൽ നിയമസഭാ സമിതി ശിപാർശ ചെയ്ത 40 കോടി രൂപ നടപ്പുസാമ്പത്തിക വർഷം ആവശ്യമുള്ളതായി കാണുന്നില്ല.

4408-01-101-95—റേഷൻ കാർഡ് പുതുക്കൽ

ഖണ്ഡിക നമ്പർ 17

റേഷൻ കാർഡ് അച്ചടിച്ച് നൽകിയ വകയിൽ സി-ഡിറ്റിനും കെൽട്രോണിനും 2.34 കോടി രൂപ കുടിശ്ശികയുള്ളതിനാലും ഈ വർഷം ദേശീയ ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കുന്നതിനായി റേഷൻ കാർഡുകൾ പുതുക്കി നൽകേണ്ടതിനാലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപയ്ക്കു പുറമെ 8.4833 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിലെ 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 50 ലക്ഷം രൂപയാണ്. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ശീർഷകത്തിൽ 8.48 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന ശിപാർശ 2014-15 സാമ്പത്തിക വർഷത്തെ ഒന്നാംഘട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി സമർപ്പിക്കുകയുണ്ടായി. എന്നാൽ 50 ലക്ഷം രൂപ മാത്രമാണ് ഒന്നാംഘട്ട ഉപധനാഭ്യർത്ഥന മുഖാന്തിരം പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിച്ചുകിട്ടിയത്. തുടർന്ന്, റേഷൻ കാർഡ് പുതുക്കലിനും റേഷൻ കാർഡ് അച്ചടിച്ച നൽകിയ വകയിൽ സി-ഡിറ്റിന് കുടിശ്ശികയിനത്തിൽ നൽകാനുള്ള തുകയും ഉൾപ്പെടെ ആകെ 34.34 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള അഡീഷണൽ ഓതറൈസേഷൻ പ്രൊപ്പോസൽ സമർപ്പിച്ചു എങ്കിലും 4 കോടി രൂപ മാത്രമാണ് പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിച്ചുകിട്ടിയത്.

ബഡ്ജറ്റ് വിഹിതമായ 50 ലക്ഷം രൂപയും ഒന്നാംഘട്ട ഉപധനാഭ്യർത്ഥന മുഖാന്തിരം ലഭ്യമായ 50 ലക്ഷം രൂപയും അഡീഷണൽ ഓതറൈസേഷൻവഴി ലഭ്യമായ 4 കോടി രൂപയും ഉൾപ്പെടെ ആകെ 5 കോടി രൂപയാണ് നിലവിൽ പ്രസ്തുത ശീർഷകത്തിലെ ആകെ വിഹിതം.

ഭാഗം II

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XI-ന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്ത ശിപാർശകളുടെ വിവരം താഴെ ചേർക്കുന്നു:

## ധനാഭ്യർത്ഥന നമ്പർ XXX (ഭക്ഷ്യം)

ശിപാർശ നമ്പർ 10, 11

വിഷയനിർണ്ണയ സമിതി XI-ന്റെ 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ ധനാഭ്യർത്ഥന നമ്പർ XXVII, XXVIII, XXX എന്നിവയുമായി ബന്ധപ്പെട്ട് ആകെ 17 ശിപാർശകൾ ഉണ്ടായിരുന്നു.

ഇവയിൽ ധനാഭ്യർത്ഥന നമ്പർ XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ)മായി ബന്ധപ്പെട്ട് 7, 8 എന്നീ രണ്ട് ശിപാർശകളാണ് ഉണ്ടായിരുന്നത്. ഇവ കേരള നിയമസഭയുടെ 2014 ജൂൺ 28-ലെ ബുള്ളറ്റിൻ—ഭാഗം 2 നമ്പർ 589 പ്രകാരം ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ പരിധിയിലേക്ക് മാറ്റിയതിനാൽ വിഷയനിർണ്ണയ സമിതി II-ലേക്ക് കൈമാറിയിട്ടുണ്ട്. ധനാഭ്യർത്ഥന നമ്പർ XXVII (സഹകരണം)മായി ബന്ധപ്പെട്ട എല്ലാ ശിപാർശകൾക്കും മറുപടി ലഭിച്ചിട്ടുണ്ടെന്നും ധനാഭ്യർത്ഥന നമ്പർ XXX (ഭക്ഷ്യം) എന്നത് സംബന്ധിച്ച 2 ശിപാർശകളിന്മേൽ നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിക്കുവാനുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം 'ഓരോ സാമ്പത്തിക വർഷത്തേക്കുമുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് ഓരോ വിഷയനിർണ്ണയ സമിതിയുടെയും അദ്ധ്യക്ഷൻമാർ ആ സാമ്പത്തിക വർഷം കഴിഞ്ഞ ഉടനെയോ സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം ഉടനെയുള്ള നിയമസഭാ സമ്മേളനത്തിലോ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും സർക്കാർ വകുപ്പ് നടപടി സ്റ്റേറ്റ്മെന്റ് സമിതിക്ക് നൽകാതിരിക്കുന്നപക്ഷം ആയതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട മന്ത്രി റിപ്പോർട്ട് സമർപ്പിച്ച് പതിനഞ്ച് ദിവസത്തിനുള്ളിലോ അടുത്ത നിയമസഭാ സമ്മേളനത്തിന്റെ ആരംഭത്തിലോ ഏതാണ് ആദ്യം വരുന്നത് അപ്പോൾ സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതാണ്.

ആയതിനാൽ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിഷയനിർണ്ണയ സമിതി XI-ന്റെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിൽ യഥാസമയം നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്തതിന്റെ കാരണം ഉൾപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ചട്ടം 236(5) പ്രകാരം സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനായി ലഭ്യമാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

അനൂപ് ജേക്കബ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി XI.*

തിരുവനന്തപുരം,
2015 ജൂൺ 3.